(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം നടപടികൾ ഗവണ്മെന്റ് കൈക്കൊണ്ടുവരുന്നു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ റഹിം):

(എ) തീപ്പെട്ടി, കടലാസ്, പെൻസിൽ എന്നിവ സംസ്ഥാനത്തു് എത്രമാത്രം ഉൽപ്പാദിപ്പിക്കപ്പെടുന്നുവെന്നുള്ളതിനു് ഒരു സമിതി വിവരശേഖരണം നടത്തുവാൻ സർക്കാർ ശേഖരിച്ചിട്ടില്ല.

സ്റ്റേറ്റിലുള്ള എല്ലാവിധ കുടിൽവ്യവസായങ്ങളുടേയും കണക്കു് എടുക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ, കുടിൽവ്യവസായങ്ങൾ വിപുലീകരിക്കാൻ തീരുമാനം എടുത്തിട്ടുണ്ടു്. ആവശ്യമായ തുകയും കൊള്ളിച്ചിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : ഇപ്പോൾ ഈവക സാധനങ്ങൾ ഇവിടെ കൂടുതൽ ഇറക്കുമതി ചെയ്യുന്നുണ്ടെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എ. എ. റഹിം : അറിയാം.

ശ്രീ. പ്രാക്കുളം ഭാസി : രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഇതിലേയ്ക്കു് എന്താണു് ഉൾപ്പെടുത്തിയിട്ടുള്ളതു് ?

ശ്രീ. എ. എ. റഹിം : തീപ്പെട്ടിയും, കടലാസും വ്യവസായങ്ങളും വിപുലീകരിക്കുന്നതിനുവേണ്ടി രണ്ടുലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ടു്.

എസ്റ്റിമേറ്റ് കമ്മിറ്റിയുടെ സ്റ്റഡിടൂർ.

* 651. [11] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റ് സെക്രട്ടേറിയറ്റ് കാര്യക്ഷമതയും, ജോലിയുടെ മേന്മയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉടനടി പുനഃസംഘടിപ്പിക്കേണ്ടതാണെന്നും അതിലേയ്ക്കു് ഒരു സ്പെഷ്യൽ ആഫീസറെ ഉടനടി നിയമിക്കണമെന്നും നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി സ്റ്റഡിടൂർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) ഈ വിഷയത്തെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചുവരികയാണു്.

ശ്രീ. എൻ. ജി. ചാക്കോ : ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമതയ്ക്കുവേണ്ടി ഉടനടി ഇതു് പ്രയോഗത്തിൽ വരുത്താൻ വേണ്ട നിർദ്ദേശം നൽകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly